
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

Editor,
THE BIBLE TEACHER
C-22, N. D. S E. II
NEW DELHI-110049.


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 11 April 1997 No. 1**

## എഡിറേറാറിയൽ

**അ**ധികം പേരും ഇഷ്ടപ്പെടാത്ത ഒന്നാണ് കുററപ്പെടുത്തൽ. എന്നാൽ മററുള്ളവരുടെ കുററം കേൾക്കുവാൻ മിക്കവാറും പേർക്ക് നല്ല രസമാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. തെററു തെററാണെന്ന് സമ്മതിക്കാനുള്ള വൈഷമ്യമുണ്ട് ഒരുഭാഗത്ത്. തന്റെ പ്രവർത്തി തെററാണെങ്കിലും അതിനെ മററുള്ളവർ അംഗീകരിക്കണം എന്ന സ്വാർത്ഥത ഇതിൽ ഒളിഞ്ഞു കിടക്കുകയാണ്. വ്യക്തികളെയും, സംഘടനകളെയും സമുദായങ്ങളേയും രാജ്യങ്ങളേയും കാർന്നു തിന്നുന്ന മാരകമായ ഒരു രോഗമാണിത്. വീടുകളിലും ഇതിനു ഒഴിഞ്ഞുമാറാൻ അവസരം ഉണ്ടാകുന്നില്ല. ഭൗതികമായാലും ആത്മീകമായാലും ഏതൊരു മേഖലയിലും ഈ മനോഭാവം കടന്നു ചെല്ലുന്നു. രാഷ്ട്രീയ രംഗത്തു ഇതിന്റെ അതിപ്രസരം കാണാം. മനുഷ്യ ജീവിതത്തിൽ തെററും ശരിയും തമ്മിലുള്ള പോരാട്ടം എപ്പോഴും ഉണ്ടാകും.

വ്യത്യസ്ഥമായ അഭിരുചികൾ, അഭിപ്രായങ്ങൾ എന്നിവ കാണുമ്പോൾ ഓരോ വ്യക്തിയുടെയും പ്രിയവും അപ്രിയവും മറെറാരാളിന്റേതിൽ നിന്നും വിഭിന്നമായിരിക്കും. ഒരപ്പന്റെ മക്കൾ ആണെങ്കിൽ പോലും മക്കളിൽ കാണപ്പെടുന്ന പ്രത്യേകതകൾ ഓരോരുത്തർക്കും ഓരോ രീതിയിലായിരിക്കും. അതുകൊണ്ട്, സംസാരം, സ്വഭാവം, പെരുമാററം, പ്രവർത്തനം ഇവയെല്ലാം പരസ്പര വിരു

ദ്ധമായ നിലപാട് കണ്ടെത്താൻ കഴിയും. ഒരാളുടെ സംസാര ശൈലി മറ്റൊരാൾക്ക് ഇഷ്ടപ്പെട്ടെന്നു വരികയില്ല. ഒരാൾ ചെയ്ത പ്രവർത്തി വേറൊരാൾക്കു യോജിക്കാത്തതായി കാണപ്പെടുന്നു. വ്യക്തി സ്വാതന്ത്ര്യം ഓരോരുത്തർക്കും ഉണ്ടെന്നുള്ള കാര്യം എല്ലാവരും ഓർമ്മിക്കണം. അഭിപ്രായ പ്രകടനത്തിനും സ്വാതന്ത്ര്യം നമുക്കുണ്ട്. പക്ഷെ അതു മറ്റൊരാൾക്ക് ഹാനികരമാവാതെ സൂക്ഷിക്കണം. അവിടെയാണ് ബുദ്ധി ഉപയോഗിക്കേണ്ടത്.

സത്യത്തെ മുറുകെ പിടിക്കുന്നവർ, സത്യത്തിനുവേണ്ടി നിലകൊള്ളും. പൊരുത്തപ്പെടലുകളും വിട്ടുവീഴ്ച്ചയുമെല്ലാം നമുക്ക് ഭൗതികമായ കാര്യങ്ങളിൽ ആകാം. അഭിപ്രായങ്ങളിൽ, സ്വഭാവത്തിൽ എല്ലാം നമുക്ക് വിട്ടുവീഴ്ച്ച ആകാം. പക്ഷെ അതു മററാരും ചൂഷണം ചെയ്യാതെ നോക്കണം. നീതിയും ന്യായവും എല്ലാവരിലും ഉണ്ടാകണം. അതിനു ആർക്കും എതിരഭിപ്രായം ഉണ്ടാകയില്ല. പക്ഷെ ഒരാളുടെ നീതി മറ്റൊരാൾക്ക് അനീതിയായി തോന്നുന്നു, ഒരാളുടെ ന്യായം വേറൊരാൾക്ക് അന്യായമായി തോന്നുന്നു. ഇതു മാനുഷികമായ വ്യാപാരങ്ങളിൽ ദർശിക്കാം. തർക്ക പരിഹാരത്തിനു നാം പലപ്പോഴും മദ്ധ്യസ്ഥന്മാരെ ആശ്രയിക്കാറുണ്ട്. വിശദമായ വീക്ഷണവും വിശാല മനോഭാവവും വെച്ചു പുലർത്തുവാൻ നിർദ്ദേശങ്ങൾ മുന്നോട്ടു വെക്കും. അതു ഇരുപക്ഷവും സ്വീകരിച്ചു പ്രശ്നങ്ങൾ പരിഹരിക്കുന്നു.

ദൈവീകമായ കാര്യങ്ങളിൽ നമ്മുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കണം. ഒരിക്കലും മാററി പറയുവാൻ ഇട വരരുത്. ദൈവ വചനമാകുന്ന സത്യത്തെ ഗ്രഹിച്ചിരിക്കുന്നവർ ആ സത്യത്തിൽ ജീവിക്കണം. വചനത്തിൽ നിന്നും അണുവിട പോലും മാറരുത്. ഉപദേശം ക്രിസ്തുവിന്റേതു മാത്രമായിരിക്കണം.

★

# ആത്മ വഞ്ചന

**J.C. ചോട്ട്**

തെറ്റിനെ ശരിയാണെന്ന് അന്ധമായി സ്വയം ബോദ്ധ്യപ്പെടുന്നതിനെ നമുക്ക് ആത്മ വഞ്ചന എന്നു പറയാം. എല്ലാ തെളിവുകളും അതു ശരിയല്ല എന്നു തെളിയിക്കുന്നതാണെങ്കിലും ചിലർ വിശ്വസിച്ചിരിക്കുന്നതിൽ തന്നെ പിടിച്ചു തൂങ്ങി നില്ക്കുന്നതു കാണാം. നമുക്ക് താല്പര്യം തോന്നിപ്പിക്കുന്ന എന്തെങ്കിലും നാം പെട്ടെന്ന് വിശ്വസിക്കയും അതു തന്നെ തുടർന്നു കൊണ്ടേയിരിക്കയും ചെയ്യും. എല്ലായ്പ്പോഴും ശരിയായതു മാത്രം ചെയ്യുക എന്നതു പ്രയാസമുള്ള കാര്യമാണ്. ഒരു പക്ഷെ ജീവിതാവസാനത്തോളം നമ്മുടെ തെററുകൾ നാം മനസിലാക്കിയില്ലെന്നും വരാം. എന്നാൽ ഒരു കാര്യം തീർച്ചയാണ് അവസാനം നാം ഏർപ്പെട്ടിരിക്കുന്ന അല്ലെങ്കിൽ തിരഞ്ഞെടുത്തിരിക്കുന്ന പ്രവർത്തിയുടെ അനന്തര ഫലം വേദനാ ജനകമാണെങ്കിൽ ആ സമയത്തു തെററുകൾ ബോദ്ധ്യപ്പെട്ടെന്നു വരാം. അല്ലെങ്കിൽ തെററായി പോയി എന്നു സമ്മതിച്ചുപോകും. തെററായി പോയി എന്നു സമ്മതിക്കുക എളുപ്പമല്ല. സ്വയമായി പോലും അതിനെ ന്യായീകരിക്കാൻ ശ്രമിക്കും. പക്ഷെ തെററു മനസിലാക്കി ഒരു മാററം ഗുണത്തിനു വേണ്ടി വരുത്തിയാൽ അതിന്റെ പ്രയോജനം ആ വ്യക്തിക്കു അനുഭവിക്കാം. തെററു സമ്മതിക്കാതിരിക്കുമ്പോൾ അതു അനന്തര ഫലത്തെ സങ്കീർണ്ണമാക്കയേ ഉള്ളു.

ഈ ആത്മ വഞ്ചനയിൽ നിന്നും നമ്മെ മോചിപ്പിക്കുന്നതിനു സഹായകരവും സുരക്ഷിതവുമായ ഏതാനും കാര്യങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യങ്ങൾ നിങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് അതിന്റെ ഫലം തിരിച്ചറിയാം. തെററുകൾ തിരിച്ചറിയാവുന്ന ഘട്ടമെത്തിയാൽ അതു തിരുത്തുവാൻ ശക്തമായ

മനസ്സ് ആവശ്യമാണ്. നമ്മൾ ധൈര്യമെന്നു പറയുന്നതാണ് ഇവിടെ ആവശ്യം. മററു പല കാര്യങ്ങളും ചെയ്യാൻ ആളുകൾക്കു അത്യധികം ധൈര്യമുണ്ടാകും. പക്ഷെ ഈ ഒരു കാര്യം വരുമ്പോൾ അവരുടെ ശക്തി ചോർന്നു പോകുകയാണോ എന്നു തോന്നിപ്പോകുററു.

കർത്താവിന്റെ സഭയിലുള്ള യുവതീയുവാക്കൾ, സഭയ്ക്കു പുറത്തുപോയി വിവാഹം കഴിച്ചാലും കുഴപ്പമൊന്നുമില്ല എന്ന ധാരണയുള്ളവരുണ്ട്. അവർ വിചാരിക്കുന്നതു വിവാഹശേഷം എല്ലാം ശരിയാക്കി എടുക്കാം. അല്ലെങ്കിൽ എല്ലാം നേരെയായികൊള്ളും എന്നാണ്. സന്ദർഭവശാൽ ചിലർ പരിവർത്തനം ചെയ്തു ക്രിസ്തുവിൽ ആയി തീർന്നിട്ടുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ശരാശരി കണക്കെടുത്താൽ ഭൂരിഭാഗം പേർക്കും അതിനു കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല അവരുടെ ജീവിതം ദുസ്സഹമായി തീരുകയാണ് ചെയ്തതു എന്നു പഠനം വ്യക്തമാക്കുന്നു. ക്രിസ്ത്യാനിയായ പങ്കാളി, ക്രിസ്ത്യാനിയായി തീരാത്ത പങ്കാളിയോടൊപ്പം ചലിക്കയോ അല്ലെങ്കിൽ രണ്ടു പേരും മതപരമായ കാര്യങ്ങളിൽ നിന്നു തന്നെ വിട്ടുനില്ക്കുകയോ ചെയ്യേണ്ടി വരുന്നു. അതിനർത്ഥം, ക്രിസ്ത്യാനി നഷ്ടപ്പെടുന്നു; അവന്റെ മക്കളും അവരുടെ മക്കളും അങ്ങനെ തുടർച്ചയായി നഷ്ടപ്പെട്ടവരുടെ പട്ടികയിൽ പെടുന്നു. അനവധി തലമുറകളെ ഇതു ബാധിക്കുകയും ചെയ്യുന്നു. എത്ര ഖേദകരമായ സംഭവമാണിതു എന്നു ഓർമ്മിക്കുക.

ക്രിസ്ത്യാനിയായ യുവാവും യുവതിയും സഭയിൽ നിന്നു തന്നെ വിവാഹം കഴിക്കാൻ തയ്യാറാവണം. അങ്ങനെ ലഭിക്കാതിരുന്നാൽ പുറത്തുള്ളവരെ പരിവർത്തനം ചെയ്തു ലഭിക്കുന്നതുവരെ അവിവാഹിതരായി കഴിയേണ്ടി വന്നാലും അവർക്കു തീരാദുഃഖം ഒഴിവാക്കാൻ കഴിയും. തല്ക്കാലത്തേക്കുള്ള വിഷമം മാത്രമെ നേരിടേണ്ടി വരികയുള്ളു. ഒരു സ്ത്രീക്കോ പുരുഷനോ തന്നെത്താൻ ഇതി

നു കഴിയുന്നില്ലെങ്കിൽ സഹ വിശ്വാസികളെ സഹായത്തിനായി ക്ഷണിക്കാവുന്നതാണ്. തെറ്റായ വ്യക്തിയെ വിവാഹം കഴിച്ച് നിത്യ നാശം വരുത്തുന്നതിനേക്കാൾ നല്ലതു വിവാഹം കഴിക്കാതിരിക്കുന്നതാണ്. അതു മൂലം അനേകം പേരുടെ നാശവും ഒഴിവാക്കാവുന്നതാണ്. പലപ്പോഴും വിവാഹം കഴിക്കേണ്ടവർ തങ്ങളുടെ ഭാവിയെ കുറിച്ചോ ഉത്തമമായതു ഏതു എന്നതിനെ കുറിച്ചോ അധികം ചിന്തിക്കാതെ അവർ വിവാഹത്തിലേക്ക് എടുത്തു ചാടുന്നു. അങ്ങനെ ചെയ്താൽ അനേക തിക്ത ഫലങ്ങൾ പിന്നീട് അനുഭവിക്കേണ്ടി വരും എന്നു ഓർത്തു തയ്യാറാവുക. ഇണയില്ലാ പിണ്ണ കൂടരുതു എന്നു ദൈവത്തിന്റെ അരുളപ്പാട് മുന്നറിയിച്ചിരിക്കുന്നു (2കൊരിന്ത്യർ 6:13-18).

ക്രിസ്ത്യാനികളായി തീർന്ന മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ബൈബിൾ പഠനത്തിനും ആരാധനക്കും കൊണ്ടുപോകാതെ വീട്ടിലാക്കിയിട്ടു പോകുന്നവർ അവരുടെ ഭാവി ഇരുളടഞ്ഞ അദ്ധ്യായമാക്കി മാററുകയാണ്. കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളാണല്ലൊ. അവരെ നഷ്ടപ്പെടുത്തുവാൻ രക്ഷകർത്താക്കൾ കൂട്ടു നില്ക്കുന്നു എന്നതു ദുഃഖകരമായ ഒന്നാണ്. അവർക്കു ശരിയായ മാതൃക കാണിച്ചു കൊടുക്കയോ, ശരിയായ ഉപദേശം നല്കുകയോ ചെയ്യാതെ ആ കുട്ടികൾ വളർന്നു കഴിയുമ്പോൾ അവർ വീടു വിട്ടു പോകയും, ആത്മീയമായി അവരുടെ സ്വന്ത വഴിക്കു തിരിയുകയും ചെയ്യും. പിന്നീട് അവരെ നിയന്ത്രിക്കാൻ ശ്രമിക്കുന്നതു പാഴ്വേലയായിരിക്കും. കുട്ടികളായിരിക്കുമ്പോഴാണ് അവരെ നിയന്ത്രിക്കയും പരിശീലിപ്പിക്കയും ചെയ്യേണ്ടതു.

നിങ്ങളുടെ കുട്ടികളുടെ ആത്മീയ പരിശീലനത്തിൽ നിങ്ങൾക്ക് ഉത്തരവാദിത്വമില്ല എന്ന് ചിന്തിച്ച് നിങ്ങളെ തന്നെ വഞ്ചിക്കരുതു. കുട്ടികൾ വളർന്നു വലുതാകുമ്പോൾ മാതാപിതാക്കളെ അനുസരിക്കയും ബഹുമാനിക്കയും ദൈവത്തെ വിശ്വസിച്ച് അനുസരിച്ച് ആരാധിച്ചു ജീവിക്കണം എന്നുണ്ടെങ്കിൽ ബാല്യത്തിൽ തന്നെ

നിങ്ങൾ അവരെ ആ ശീലത്തിൽ വളർത്തണം. കർത്താവിന്റെ പത്ഥ്യോപദേശത്തിലും ശിക്ഷണത്തിലും വേണം കുട്ടികളെ വളർത്തുവാൻ എന്നു തിരുവെഴുത്തു നമ്മെ പ്രബോധിപ്പിക്കുന്നു (എഫെസ്യർ 6:5).

യുവാക്കളായ പ്രായപൂർത്തിയെത്തിയവർ തങ്ങളെത്തന്നെ വഞ്ചിക്കരുതു. എങ്ങനെ എന്നാൽ അവർ വിചാരിക്കുന്നതു അവർക്ക് ധാരാളം സമയവും കാലവും ഒക്കെ ഉണ്ട്. അതുകൊണ്ട് അവരുടെ വീക്ഷണത്തിലെ പ്രാമുഖ്യ കാര്യങ്ങളിലേക്ക് അവർ തിരിയുന്നു. ഉദാഹരണമായി പറഞ്ഞാൽ വിദ്യാഭ്യാസം, ജോലി, വിവാഹം, കുടുംബം, ജോലി കയററം, വരുമാന വർദ്ധനവ് എന്നീ കാര്യങ്ങളിൽ അവർ അതീവ ശ്രദ്ധാലുക്കളായി മാറുന്നു. മറെറന്തിനേക്കാളും ഈ കാര്യങ്ങൾക്കാണ് അവർ മുൻഗണന കൊടുക്കുന്നതു. ദൈവത്തോടു അടുക്കുവാൻ ഇനിയും സമയമുണ്ടല്ലോ എന്ന ചിന്തയാൽ ചിലർ ദൈവത്തെ പൂർണ്ണമായി ഉപേക്ഷിക്കും. വേറെ ചിലർ ഞായറാഴ്ച്ച ആരാധനയ്ക്കു മാത്രം പോകുന്നതിൽ അവർ ഒതുങ്ങി നില്ക്കും. കുടുംബത്തെ ഉപേക്ഷിക്കുന്നവരും ഇല്ലാതില്ല. അദ്ധ്വാനിക്കുവാൻ ആരോഗ്യമുള്ളപ്പോൾ ആവുന്നത്ര പണമുണ്ടാക്കാൻ പാടുപെടുകയാണ് അവർ. ഭൌതികമായി ഉയർന്ന ജീവിത നിലവാരത്തെ സ്വപ്നം കാണുന്ന ഇവർക്കു മറെറാന്നിനെ കുറിച്ചും വിചാരമില്ല.

വീട്, സ്ക്കൂട്ടർ, കാർ, ആധുനികമായ ദൃശ്യശ്രവണ ഉപകരണങ്ങളും അവർക്ക് സ്വന്തമാക്കാൻ മോഹം ജനിക്കുകയാണ്. ററി.വി, വീഡിയോ, ടേപ്പ് റെക്കോർഡർ, വസ്ത്രങ്ങൾ തുടങ്ങിയവയിൽ അവർ പ്രമോദം കണ്ടെത്താൻ ശ്രമിക്കുന്നു. സമയം എത്ര വേഗത്തിലാണ് പോകുന്നതു എന്നു അവർ അറിയുന്നില്ല. അവരുടെ മക്കൾ എത്ര വേഗത്തിലാണ് വളരുന്നതു എന്നു അവർക്കു ചിന്തിക്കാൻ കഴിയുന്നില്ല. ആത്മീയമായി അവർക്കു നഷ്ടപ്പെടുന്നതെന്താണെന്നും അവർ ആലോചിക്കുന്നില്ല. കുട്ടികളുടെ ആത്മാക്കളെയും അവർ പരിഗണിക്കുന്നില്ല. അവസാനം

അവരുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ആത്മീയമായ ജീവൻ നഷ്ടപ്പെടുന്നു എന്നതു യാഥാർത്ഥ്യമാണ്. അവരുടെ കുടുംബത്തിലെ അംഗങ്ങൾ മൊത്തമായി നഷ്ടപ്പെട്ടവരുടെ ഗണത്തിലേക്കു തള്ളപ്പെടും എന്നതു അവർ മറന്നുകളയുന്നു. ഭൗതിക താല്പര്യങ്ങളിൽ ഭ്രമം പുലർത്തുന്നതു മൗഢ്യമാണെന്ന് പിന്നീട് അതു നഷ്ടമാകുമ്പോൾ മാത്രമാണ് അവർ തിരിച്ചറിയുന്നതു.

നിങ്ങൾ ഈ രീതിയിലുള്ള ജീവിത ശൈലിയാണ് പിൻപററുന്നതെങ്കിൽ ഇതു വായിക്കുന്ന നിങ്ങൾ ദയവായി തെററിനിരയായി തീരാതിരിക്കുക. ഈ വഞ്ചനയിൽ നിങ്ങൾ കുടുങ്ങാതിരിക്കുവാനാണ് ഞങ്ങളുടെ അപേക്ഷ. നിങ്ങൾക്കു സാദ്ധ്യതയുള്ളപ്പോൾ ഇപ്പോൾ സഞ്ചരിക്കുന്ന ദിശക്കു മാററം വരുത്തി ജീവിതത്തിൽ അർത്ഥവത്തായതും പ്രാധാന്യമർഹിക്കുന്നതുമായ കാര്യങ്ങളെ പരിഗണിക്കണമെന്നാണ് ഞാൻ നിങ്ങളോട് യാചിക്കുന്നതു. എന്നാൽ നിങ്ങൾ കഠിനപ്പെട്ടു നിങ്ങളുടെ ലൗകിക ചിന്താഗതികളിൽ ഊന്നി നിങ്ങൾ ജീവിതം നയിക്കണമെന്നാണ് ഇനിയും ആഗ്രഹിക്കുന്നതെങ്കിൽ നഷ്ടം നിങ്ങൾക്കു മാത്രമായിരിക്കും. മറിച്ച് നിങ്ങൾ നിങ്ങളുടേയും കുടുംബത്തിന്റേയും ആത്മീയ ക്ഷേമത്തെ ലാക്കാക്കി പ്രവർത്തിക്കാൻ ഒരുങ്ങി ദൈവത്തിനു പ്രഥമ സ്ഥാനം കൊടുത്തു ജീവിക്കാൻ തയ്യാറാകുമെങ്കിൽ ആ തീരുമാനം ബുദ്ധിപരമായ ഒന്നായിരിക്കും. അതിന്റെ അർത്ഥം നിങ്ങൾ തീവ്രമായ മറെറാന്നിലേക്ക് തിരിയണമെന്നല്ല. നിങ്ങൾക്ക് ജോലി ചെയ്യാം, കുടുംബത്തിനായി കരുതാം. എന്നാൽ പരസ്പര പൂരകങ്ങളായി ആത്മാവും ശരീരവും നീങ്ങണം എന്നു ചുരുക്കം. നിയന്ത്രിതമായ ജീവിതം ഈ ലോകത്തിൽ നയിക്കുന്നതു മറെറാന്നിനെ ലാക്കാക്കിയായിരിക്കണം (1 യോഹന്നാൻ 2:15-17).

# ജ്ഞാനം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

ഞാനെന്റെ ഹൃത്തടം ശുദ്ധീകരിക്കുന്നു,
പാപമില്ലെന്നതു ചൊല്ലാൻ കഴിയുമോ.
രണ്ടളവെന്നതും തൂക്കവുമൊന്നുപോൽ,
യാഹെന്ന മന്നവൻ ഇഷ്ടപ്പെടുന്നുവോ.

ബാല്യംമുതൽ ചൊല്ലുംകാലം കടക്കുമേ,
നല്ലതും കെട്ടതും വേഗം വെളിവാകുമേ.
കേൾക്കുന്നകാതും നയനങ്ങളും തന്നെ,
സൃഷ്ടിച്ച കർത്താവു രാജാധിരാജനാം.

നിദ്രയിലാണ്ടുപുതപ്പിൽ കിടന്നാലോ,
ദരിദ്രം പിടിച്ചുതിർന്നുപോം ജീവിതം.
കണ്ണുതുറന്നു മതിയെന്നു വയ്ക്കിലോ,
പല്ലുമുറിയെ ചവച്ചിറക്കീടുമേ.

നല്ലതിനല്ലെന്നു വിളങ്ങുമ്പോഴം ചൊല്ലുന്നു,
പിന്നെ പ്രശംസയും കീർത്തിയും രാഗവും.
പൊന്നും കിരീടവും തങ്കവും ഉണ്ടെങ്കി,
ലർത്ഥംവരുമഹോ ജ്ഞാനത്തിനൊത്തപോൽ

മൂടിവെച്ചാലതു വേഗം വെളിവാകുമേ,
നാട്ടിലറിഞ്ഞാലോ നാറമടിക്കുമേ.
കല്ലും കനിയുമേ നാഥന്റെ വാക്കിനാൽ,
കുത്തിപ്പറയുകിൽ ചങ്കുതകരുമേ.

ജ്ഞാനം പകരുവാൻ എന്തു നീ ചെയ്യണം,
കിട്ടുമിടം തേടി പോവുക സോദരാ.
അണയും മുന്നേറിദൈവവും എന്നുപോൽ
ഇന്നും നമുക്കുണ്ടു കോപിക്കവേണ്ട നീ.

വന്നെടുത്തീടുക നാഥന്റെ ചാർത്തു,
നിൻകരം നീട്ടിപ്പിടിക്കുക ജ്ഞാനത്തെ
ഒട്ടു കേൾക്കുന്നതും ഒട്ടിനടപ്പതും
ഒട്ടല്ലഹോ ബഹു സംഭവം ഭൂമിയിൽ.

★

# ഏതാണ്ടു കുററമുള്ള നിരപരാധി

ഗ്ലെൻ കോളെ

നിരപരാധിയായ ഒരു വ്യക്തിയെ കുറിച്ചു മത്തായി 19:9-ൽ പ്രതിപാദിക്കുന്നുണ്ട്. "ഞാനോ നിങ്ങളോടു പറയുന്നതു: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറെറാരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു (മത്തായി 19:9). സമൂഹത്തിൽ നടക്കുന്ന ക്രമ വിരുദ്ധമായ ജീവിതങ്ങളെ നാം കണ്ടില്ലെന്നു നടിക്കരുതു. കർത്താവിന്റെ കല്പനയെ അവർ മാനിക്കുന്നില്ല. വചനത്തെ അവർ തള്ളികളഞ്ഞിരിക്കുന്നു.

വ്യഭിചാര കുററത്താൽ വേർപിരിയപ്പെട്ട നിരപരാധിയായ ഒരാളായിരിക്കും പക്ഷേ പുനർവിവാഹം അയാളെ കുററവാളിയാക്കുന്നു. സ്ത്രീയായാലും വാസ്തവം തന്നെയാണ്. ഉപേക്ഷിക്കപ്പെട്ട ആണായാലും പെണ്ണായാലും പുനർ വിവാഹത്തിനു അവരുടെ പങ്കാളി ജീവിച്ചിരിക്കുമ്പോൾ അനുവാദമില്ല എന്നർത്ഥം. നിരപരാധിയായ ഒരാൾ പങ്കാളിയെ ഉപേക്ഷിച്ചാൽ ആ വ്യക്തി പിന്നീട് ചെയ്യുന്ന പാപത്തിനു ഇയാൾ ഉത്തരവാദിയാകുന്നു എന്നു മനസിലാക്കണം. ഈ വസ്തുത പലരും തിരിച്ചറിയുന്നില്ല എന്നതു ഖേദകരമത്രേ.

ഈ രണ്ടു സന്ദർഭങ്ങളിലും നാം ഒരു നിരപരാധിയെ കാണുന്നു. പരസംഗത്തിൽ ഏർപ്പെടാത്ത ആണായാലും പെണ്ണായാലും ആ വ്യക്തിയെ നാം നിരപരാധി എന്നു വിളിക്കുന്നു. നിരപരാധിത്വം ഉപേക്ഷണത്തിനു വഴി തെളിക്കുന്നു. ദൈവം വിവാഹത്തിനു അനുവാദം കൊടുക്കു

ന്നു. അതേ സമയം ഉപേക്ഷണം വരുത്തിവെക്കുന്ന പ്രശ്നം അധികം പേരും ശ്രദ്ധിക്കാറില്ല. ഉപേക്ഷിക്കപ്പെട്ട വ്യക്തി കുററവാളി എന്ന നിലയിലും ഉപേക്ഷിക്കുന്ന ആളെ നിരപരാധി എന്നും വിളിക്കാറുണ്ട്.

യേശുക്രിസ്തുവിൻെറ മനസിൽ ഈ നിരപരാധിയായ വ്യക്തിക്കു പുനർ വിവാഹത്തിനു സ്വാതന്ത്ര്യം നല്കുന്നുണ്ട്. അതു വളരെ വ്യക്തമാണ്. അതുകൊണ്ടു ഈ ലേഖനം ഇത്തരക്കാർക്കു കുടുക്ക് ഇടുന്നതിനുവേണ്ടിയല്ല എന്നു ദയവായി പറഞ്ഞുകൊള്ളട്ടെ. നിരപരാധിയായ പങ്കാളി കുററം ചെയ്തയാളെ ഉപേക്ഷിക്കുമ്പോൾ ആ വ്യക്തി വിവാഹം കഴിക്കാൻ നിർബന്ധിതമായി തീരുന്നു. അങ്ങനെ സംഭവിക്കുമ്പോൾ അവരെക്കൊണ്ടു പാപം ചെയ്യിക്കുക എന്നു വരരുത്.

സാഹോദര്യ ജീവിതത്തിൽ തടസം നില്ക്കുന്ന മനുഷ്യർ ഉണ്ട്. അങ്ങനെയുള്ളവരെ കുറിച്ച് കർത്താവു പറയുന്നതു: ''ഇടർച്ച ഹേതുവായി ലോകത്തിനു അയ്യോ കഷ്ടം; ഇടർച്ച വരുത്തുന്നതു ആവശ്യം തന്നെ- എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യനു അയ്യോ കഷ്ടം'' (മത്തായി 18:7). ഇതു നമ്മുടെ കുടുംബത്തിനു പുറത്തുള്ള ആളുകളിൽ മാത്രം ബാധിക്കുന്നതാണോ? ഇതു നമ്മുടെ സ്വന്തം കുടുംബത്തിലെ ഭാര്യക്കും ഭർത്താവിനും ബാധകമല്ലേ?

എൻെറ പങ്കാളിയിൽ പരസംഗം എന്ന പാപം കണ്ടെത്തിയാൽ ഞാൻ അതിനെ എങ്ങനെ കൈകാര്യം ചെയ്യും? പരിഗണനകൊടുക്കേണ്ട ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1 ഏററവും ഉചിതവും സ്പഷ്ടവുമായ മാർഗ്ഗം വിശദമാക്കിയിരിക്കുന്നു. ''എങ്കിലും ദുർന്നടപ്പു നിമിത്തം ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോരുത്തിക്കു സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അ

വൾക്കല്ല ഭർത്താവിനത്രേ അധികാരമുള്ളതു; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രേ അധികാരം. പ്രാർത്ഥനക്കു അവസരം ഉണ്ടാവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെ അല്ലാതെ വേറുപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിനു വീണ്ടും ചേർന്നിരിപ്പിൻ'' (1 കൊരിന്ത്യർ 7:2-5). വിവാഹത്തോടു കൂടിയുള്ള അടുത്ത ബന്ധം പിടിച്ചു പററാതിരുന്നാൽ അതു പാപത്തിനു അവസരമുണ്ടാക്കുകയും അതു മററാരാൾക്ക് എതിരായി പ്രവർത്തിക്കയും ചെയ്യുന്നു. പരീക്ഷണത്തിനു വിധേയമായ വ്യക്തിയുടെ പ്രവർത്തിയാൽ തന്റെ പങ്കാളി നേരിടേണ്ടി വരുന്ന അനുഭവത്തെ മനസിലാക്കണം.

2 ഒരു തുണ തന്റെ പങ്കാളിയോടു ക്രൂരമായും കയ്പ്പായും പെരുമാറുന്നു. വിവാഹം കഴിച്ച സ്ത്രീയെ വിട്ട് പരസ്ത്രീകളെ സമീപിക്കുന്നവരെ മൊത്തത്തിൽ നോക്കിയാൽ അവരുടെ ഭാര്യമാർ സൗന്ദര്യമില്ലാത്തവരോ, രോഗികളോ ആകാനാണ് സാദ്ധ്യത. ശാരീരിക വൈകല്യങ്ങളും ഇതിന്റെ പിന്നിൽ കാരണമായി തീരാറുണ്ട്. പക്ഷെ വിരൂപകളാണെങ്കിലും അവർക്ക് പല നല്ല ഗുണങ്ങളും ഉണ്ട്. അതു തിരിച്ചറിയാനുള്ള ബുദ്ധിയാണ് വേണ്ടതു. തിരിച്ചും ഇതു ബാധകമാണ്. രണ്ടു കൂട്ടരും ശ്രദ്ധയോടെ വേണം ജീവിതം മുൻപോട്ടു നയിക്കാൻ എന്നർത്ഥം.

നാം വിവാഹം കഴിക്കുമ്പോൾ വികാരങ്ങളെ വ്രണപ്പെടുത്തുന്നതും തുറന്നതുമായ ഒരു സമീപനത്തിലേക്കു തിരിയുന്നു. മുൻപ് ഉണ്ടാകാതിരുന്ന ഒരു മനോഭാവമായി ഇതിനെ കാണാം. അക്കാരണത്താൽ ചിലർക്ക് തങ്ങളുടെ തുണകളേക്കാൾ വ്രണപ്പെടുത്തുന്ന സ്വഭാവം കണ്ടെന്നു വരാം. നമ്മുടെ പങ്കാളി സ്വയം മനസിലാക്കുന്നതിനേക്കാൾ ആ വ്യക്തിയെ അറിയാൻ ശ്രമിക്കുന്നു. അവരുടെ ബലഹീനതക

ഠം, ശക്തികരം, ഭയപ്പാട്, ഉൽകണ്ഠ, പെരുമാററം, സംസാരം എന്നിവയെല്ലാം തുണക്കു അറിയാമല്ലോ. ഞാൻ പറയുന്നതിന്റെ സാരം നിങ്ങൾക്ക് മനസിലാക്കുന്നുണ്ടല്ലോ.

വിവാഹത്തെ സ്നേഹിക്കുക എന്നതു ഭർത്താവിനായാലും ഭാര്യക്കായാലും അതു ഒരു വികാരത്തിനു വേണ്ടിയല്ലതന്നിരിക്കുന്നതു. മറിച്ച് ഒരു കല്പനയായിട്ടാണ് എന്നകാര്യം മറക്കരുത്. ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളും ഭാര്യമാരെ സ്നേഹിപ്പിൻ (എഫെസ്യർ 5:25). യൗവ്വനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യമുള്ളവരും, വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ നന്മ ഉപദേശിക്കുന്നവരും ആയിരിക്കേണം എന്നും പ്രബോധിപ്പിക്ക.

വിവാഹത്തിന്റെ മാധുര്യം എന്തെന്നാൽ മറെറാരാളെ എന്നെ നന്നായി അറിയുകയും സ്നേഹിക്കുകയും ചെയ്യുക എന്നതാണ്. അസന്തുഷ്ടമായ വിവാഹത്തിന്റെ ശാപമെന്തെന്ന് അറിയണ്ടേ? ഒരാൾ എന്നെ നന്നായി മനസിലാക്കിയിട്ട് സ്നേഹത്തിനു പകരം കയ്പു പകരുന്നു. ക്രൂരമായി എന്നോടു പെരുമാറുന്നു. ഈ കാരണത്താൽ രണ്ടു പേർക്കും സന്തോഷവും സമാധാനവും നഷ്ടമാകുന്നു.

3 വിവാഹ ബന്ധത്തിലേർപ്പെടുന്ന പങ്കാളി തന്റെ ഇണക്കായി തിരക്കുള്ള ആളായിരിക്കണം. യേശുക്രിസ്തു പറഞ്ഞു: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെകൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു. ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു (മത്തായി 5:32).

★

(ശേഷം അടുത്ത ലക്കത്തിൽ)

# ദൈവം തന്റെ സിംഹാസനത്തിൽ ഇരിക്കുന്നു

### ഡാൽട്ടൺ. കെ

നാം സേവിക്കുന്ന ദൈവം, ആഴമേറിയ വിശ്വാസത്താൽ ആദരിക്കപ്പെടേണ്ടവനും ആഗ്രഹിക്കത്തക്ക യോഗ്യതകളുള്ള ആത്മികനും അത്രേ. നമ്മുടെ സ്നേഹിതൻ എന്ന നിലയിൽ അവനെ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിസാരമെന്നവണ്ണം അല്ലെങ്കിൽ ഹാസ്യത്തിലെന്നവണ്ണം കരുതേണ്ട വ്യക്തിയല്ല ദൈവം. അബ്രഹാമിനെ ദൈവം തന്റെ സ്നേഹിതൻ എന്നു വിളിച്ചിട്ടുണ്ട് (യെശയ്യാവ് 41:8). അതിന്റെ കാരണം പുതിയനിയമത്തിൽ വിവരിക്കുന്നുണ്ട്. അബ്രഹാം ദൈവത്തെ വിശ്വസിക്കുകയും അതു അവന്നു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു (യാക്കോബ് 2:23). ദൈവത്തിന്റെ സിംഹാസനം എന്നേക്കും ഉള്ളതാകുന്നു (സങ്കീർത്തനങ്ങൾ 45:6). നമ്മുടെ വഴികളേക്കാൾ ഉയർന്നതാണ് ദൈവത്തിന്റെ വഴികൾ (യെശയ്യാവ് 55:9). മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുൻപിൽ ന്യായവിസ്താരത്തിനായി നില്ക്കേണ്ടി വരും എന്നു ഓർത്തുകൊള്ളുക (വെളിപ്പാട് 20:12).

സ്വയം ശക്തവാനായ സ്വർഗ്ഗീയ ദൈവത്തിന്റെ മുൻപിൽ സ്വന്ത പ്രവൃത്തികളുടെ യോഗ്യത വെച്ചുകൊണ്ടു നില്ക്കാവുന്നതല്ല. ദൈവത്തിന്റെ മാഹാത്മ്യത്തിൽ നിന്നും അണുവിടപോലും മാറാവുന്നവനല്ല അവൻ. നമ്മുടെ ആദരവും ബഹുമാനവും അർഹിക്കുന്നവനാണ് ദൈവം. അതുകൊണ്ട് അവന്നു സ്വീകാര്യമായ രീതിയിൽ വേണം ദൈവഭക്തിയോടെ അവനെ സേവിക്കുവാൻ. "ആകയാൽ

ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ (എബ്രായർ 12: 28-29). മതപരമായ ആദ്യ മൂലകമാണ് ഭക്തി എന്നു പറയാം. ദൈവത്തെ ബഹുമാനിക്കയും സ്തുതിക്കയും ചെയ്യുന്നതിൽ ആർക്കും ഒഴിവു കഴിവില്ല എന്നതും പ്രസ്താവ്യമത്രെ.

അതിലധികമായി നമ്മുടെ പരസ്യമായ ആരാധന ദൈവത്തോടുള്ള ആദരവിന്റേയും ബഹുമാനത്തിന്റേയും സൂചനയാണ്. വിശുദ്ധന്മാർ കൂടി വരുമ്പോൾ ദൈവത്തോടുള്ള അവരുടെ ഭയവും ഭക്തിയുമാണ് പ്രകടിപ്പിക്കുന്നത്. ''ദൈവം വിശുദ്ധന്മാരുടെ സംഘത്തിൽ ഏററവും ഭയങ്കരവും അവന്റെ ചുററുമുള്ള എല്ലാവർക്കും മീതെ ഭയപ്പെടുവാൻ യോഗ്യനും ആകുന്നു'' (സങ്കീർത്തനങ്ങൾ 89:7). ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം (യോഹന്നാൻ 4:24).

ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാളിൽ കർത്താവിന്റെ കല്പനപ്രകാരം ദൈവത്തെ ആരാധിക്കുവാൻ കൂടിവരുന്നവർ ശ്രദ്ധിക്കേണ്ടത്: അതു ഒരു ചടങ്ങല്ല, ആചാരമല്ല, ഉത്സവമല്ല എന്നത്രെ. ഒരു ഡോക്ടറെ സന്ദർശിക്കുന്ന ലാഘവത്തോടെയാകരുത്. മറിച്ച് യാഥാർത്ഥ്യ ബോധത്തോടെ ദൈവത്തിനു ഹൃദയം തുറന്നു നന്ദിയും സ്തുതിയും ആദരവും പ്രദർശിപ്പിക്കുന്ന ഒന്നായിരിക്കണം അത്. ജീവനുള്ള ആരാധനയായിരിക്കണം ഒരു ക്രിസ്ത്യാനിയുടേത്. ഞായറാഴ്ച ദിവസം രാവിലെയായാലും വൈകുന്നേരം ആയാലും ശരി സ്ഥലം ചെറുതോ വലുതോ ആയാലും ശരി, കൂടി വരുന്ന ആളുകളുടെ നിലവാരം എന്തായാലും ശരി ദൈവത്തെ പ്രസാദിപ്പിക്കുവാൻ വരുന്ന ഓരോരുത്തരും ദൈവത്തിനു ഹൃദയത്തിൽ സ്ഥാനം കൊടുക്കണം.

പാട്ടു പാടുമ്പോഴും, പ്രാർത്ഥിക്കുമ്പോഴും, ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുമ്പോഴോ, കർത്തൃമേശയിൽ നിന്നു ഭക്ഷിക്കയും പാനം ചെയ്യുകയും ധർമ്മശേഖരം നല്കുകയും ചെയ്യുമ്പോഴം നാം ചെയ്യുന്നതിന്റെ പ്രാധാന്യം മനസിലാക്കിവേണം അതു നടത്തുവാൻ.

സ്വീകാര്യമായ ആരാധനയും വ്യർത്ഥമായ ആരാധനയും തമ്മിലുള്ള വ്യത്യാസം നാം അറിഞ്ഞിരിക്കണം. മനുഷ്യരുടെ സിദ്ധാന്ത പ്രകാരം ദൈവത്തെ ആരാധിക്കുന്നതു വ്യർത്ഥമാണ്. സ്വന്തം ഇഷ്ടപ്രകാരം ദൈവത്തെ ആരാധിക്കുന്നതും വെറുതെയാണ്. മനസിന്റെ തൃപ്തിക്കായോ വലുത് ചെയ്യുന്നതു കൊണ്ടു ഫലമുണ്ടാകുന്നതാണ്. മനുഷ്യരെ സമ്മതിപ്പിക്കുന്ന ആരാധന, അല്ലെങ്കിൽ ഒരു സമുദായത്തെ പ്രീതിപ്പെടുത്തുന്നതായാലും അതു അർത്ഥശൂന്യമാണ്. മനുഷ്യരിൽ ഭൂരിഭാഗവും തെററു ശരിയാണെന്നു വിശ്വസിച്ചുകൊണ്ട് ആത്മാർത്ഥമായി ദൈവത്തെ ആരാധിക്കുന്നു. പക്ഷെ അതും പ്രയോജനമില്ലാത്തതാണ്. പ്രയോജനപ്പെടുന്ന ഒരേ ഒരു ആരാധന ദൈവേഷ്ടപ്രകാരമുള്ള ആരാധനയാണ്. എന്നു പറഞ്ഞാൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തിൽ രേഖപ്പെടുത്തിയ രീതിയിൽ വേണം എന്നർത്ഥം: അതിനോടു കൂട്ടുവാനോ കുറയ്ക്കുവാനോ നാം തുനിയരുത്. ദൈവ വ്യവസ്ഥക്കു മാററം വരുത്തുവാൻ മനുഷ്യർക്കു അനുവാദമില്ല. ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള രീതിയിൽ ദൈവത്തെ ആരാധിക്കയാണ് വേണ്ടത്.

ദൈവാരാധനയുടെ പേരിൽ ഇന്നു നടക്കുന്ന നിരവധി പ്രവർത്തികൾ ദൈവഹിതത്തിനു വിപരീതമാണ്. നരബലി കഴിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവരുണ്ട്. ജീവനില്ലാത്ത കല്ലും മരവും ലോഹവും ഉപയോഗിച്ച് ദൈവമെന്നു കരുതി വണങ്ങുന്നവരുണ്ട്. മനുഷ്യ

രൂപത്തിൽ ദൈവത്തെ വാർത്തു, രൂപപ്പെടുത്തി വണങ്ങുന്നവരുണ്ട്. ദൈവം വെറുക്കുന്ന ഒന്നാണത്. യാതൊന്നിന്റേയും വിഗ്രഹം ഉണ്ടാക്കരുത്, അവയെ നമസ്കരിക്കയോ ചെയ്യരുത് എന്ന് ദൈവം വിലക്കിയിരിക്കുന്നു, ദൈവത്തിനു കൊടുക്കേണ്ട ആദരവും ബഹുമാനവും മറ്റൊരു വസ്തുവിനോ മനുഷ്യനോ നല്കരുത്. നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ എന്നു എഴുതിയിരിക്കുന്നുവല്ലോ (മത്തായി 4:10). ദൈവത്തെ സന്തോഷിപ്പിക്കുവാൻ ചെയ്യുന്ന പ്രവർത്തിയാൽ ദൈവം വെറുക്കപ്പെടുവാൻ ഇടയാകരുത്. ലോകപ്രകാരമുള്ള ജ്ഞാനത്താൽ മനുഷ്യർ ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നതു മൗഢ്യമാണ്. സകലത്തും ഉചിതവും ക്രമമായും ചിട്ടയായും നടക്കട്ടെ (1 കൊരിന്ത്യർ 14:40).

ആരാധനക്കു കൂടിവരുമ്പോൾ, തമ്മിൽ തമ്മിൽ സ്വകാര്യം പറഞ്ഞുകൊണ്ടിരിക്കയോ, പ്രാർത്ഥന നയിക്കുന്ന ആൾ പ്രാർത്ഥിക്കുമ്പോൾ ശബ്ദം പുറപ്പെടുവിക്കയോ പ്രാർത്ഥനയിൽ പങ്കു ചേരാതിരിക്കയോ അരുത്. പാട്ടു പാടുമ്പോൾ കൈ അടിച്ചു ശബ്ദമുണ്ടാക്കുന്നതും അനുചിതമാകും. ഹൃദയത്തിൽ പാട്ടു പാടുന്ന വ്യക്തികൾക്കു അതു ഇടർച്ചയാകും. ഗാനത്തിന്റെ അർത്ഥത്തിനു പ്രാധാന്യം കൊടുക്കുക. ഉപദേഷ്ടാവിന്റെ പ്രസംഗത്തെ അനുമോദിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കുന്ന ശബ്ദങ്ങൾ ഒഴിവാക്കണം. അവരെ പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആരാധനക്കു ശേഷം സ്വകാര്യമായി അവരെ പ്രശംസിക്കുക. ദൈവം അംഗീകരിക്കുന്നതു ദൈവേഷ്ടത്തെ മാനിക്കുന്ന ആരാധനയാണ്.

★

# "നിന്റെ അമ്മയെ ബഹുമാനിക്ക"

ഡേവിഡ് വെയിഡ്

കുടുംബ കലഹവും ഛിദ്രഭവനങ്ങളും വർദ്ധിച്ചു വരുന്ന ഈ കാലയളവിൽ അതിനുള്ള പരിഹാരം ബൈബിൾ ഉപദേശം അനുസരിക്കുക എന്നതുമാത്രമാണ്. ദൈവേഷ്ടത്താൽ വിളിക്കുന്ന എല്ലാവർക്കും ചുമതലകൾ ഉണ്ട്. ക്രിസ്തീയ മാതൃത്വത്തെ മാനിക്കുന്നവരായിരിക്കണം ഓരോ ദൈവ പൈതലും. സ്നേഹിക്കുന്ന ഭർത്താവ്, ഭാര്യ, ദൈവ ഭക്തിയുള്ള മാതാപിതാക്കൾ, അനുസരണമുള്ള കുട്ടികൾ എന്നിവയെല്ലാം ദൈവം നോക്കി കാണാൻ ആഗ്രഹിക്കുന്നു. എന്നാൽ അതു സമൂഹത്തിൽ ഇന്നു അന്യമായിക്കൊണ്ടിരിക്കയാണ്. ഭവനത്തിന്നു വേണ്ടി ദൈവം ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ശരിയായി നിറവേറ്റേണ്ട കടമ ക്രിസ്തീയ അമ്മമാരിലാണ് ഉള്ളത്. അതിൽ നിന്നു അവർക്കു ഒഴിഞ്ഞു മാറാവുന്നതല്ല.

ക്രിസ്തീയ ഭാര്യയായിട്ടും അമ്മയായിട്ടും നിങ്ങൾക്കു ദൈവം തരുന്ന പങ്ക് നിങ്ങൾ ദൈവത്തിന്റെ വിളിയെ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് അറിയണ്ടേ? മറ്റൊരു മനുഷ്യ ജീവിയെ ഉല്പാദിപ്പിക്കുവാനുള്ള ശക്തി ദൈവമാണ് നിങ്ങൾക്കു നല്കിയത്. കയീൻ ജനിച്ചപ്പോൾ ഹവ്വ പറഞ്ഞതു നോക്കു: "അനന്തരം മനുഷ്യൻ തന്റെ ഭാര്യയായ ഹവ്വയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു കയീനെ പ്രസവിച്ചു. യഹോവയാൽ എനിക്കു ഒരു പുരുഷ പ്രജ ലഭിച്ചു എന്നു പറഞ്ഞു" (ഉല്പത്തി 4:1). ഒരമ്മയുടെ പ്രസവ സമയത്തുള്ള വേദനയും പിന്നീടുണ്ടാകുന്ന സന്തോഷവും യേശുക്രിസ്തു ചിത്രീകരിച്ചിട്ടുണ്ട്. "സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ട് അവൾക്കു ദുഃഖം

ഉണ്ട്. കുഞ്ഞിനെ പ്രസവിച്ച ശേഷമോ ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നിരിക്കുന്ന സന്തോഷം നിമിത്തം അവാം തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല. അങ്ങനെ നിങ്ങൾക്കും ഇപ്പോൾ ദുഃഖം ഉണ്ട് എങ്കിലും ഞാൻ പിന്നെയും നിങ്ങളെ കാണും നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്നു എടുത്തുകളകയില്ല'' (യോഹന്നാൻ 16: 21-22).

ഒരു സ്ത്രീ ഗർഭം ധരിക്കുമ്പോൾ ഒരു കുഞ്ഞിന്റെ ആത്മാവിനെയാണ് അവളുടെ ഗർഭപാത്രത്തിൽ ദൈവം ഉരുവാക്കുന്നത്. അവൾ കുട്ടിയെ പ്രസവിക്കുമ്പോൾ ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തിയിൽ അവൾ പങ്കാളിയാവുന്നു. അല്ലെങ്കിൽ ദൈവത്തിന്റെ പ്രവൃത്തിയിൽ അവൾ സഹകരിക്കുന്നുവെന്നുമാത്രം. തന്റെ ഈ ഭൂമിയിലേക്കുള്ള ആവിർഭാവത്തെ ദാവീദ് വിവരിക്കുന്നുണ്ട്. ''നീയല്ലോ എന്റെ അന്തർഭാഗങ്ങളെ നിർമ്മിച്ചത്. എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു; അതു എന്റെ ഉള്ളം നന്നായി അറിയുന്നു'' (സങ്കീർത്തനങ്ങൾ 139: 13-14). ദൈവത്തിന്റെ സൃഷ്ടിപ്പിൽ നാം വെറുമൊരു പാത്രം പോലെയാണ് എന്ന കാര്യം മറക്കരുത്.

സ്ത്രീകൾ വീട്ടിന്നു പുറത്തു പല കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിവിധ തുറകളിൽ അവരുടെ കഴിവുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഏററവും വലിയ ഭാഗ്യമാണ് ക്രിസ്തീയ മാതാപിതാക്കളാകുക എന്നത്. വെറും മാതാപിതാക്കളാകുന്നവർ ധാരാളമുണ്ട്. അവർ അവരുടെ ജീവിതത്തിന്റെ ഉദ്ദേശം വാസ്തവമായി ഗ്രഹിക്കാത്തവരാണ്. പക്ഷെ ക്രിസ്തുവിലായി തീർന്നവർ വ്യത്യസ്ഥരായിരിക്കണം. ദൈവ പദ്ധതിക്കായി വിളിച്ചിരിക്കുന്ന ഒരു

സ്ത്രീയുടെ ദൗത്യം അവരം തന്നെ നിർവ്വഹിക്കണം. അതു മററാർക്കും ചെയ്യാവുന്നതല്ല. മക്കളോടുള്ള ഉത്തരവാദിത്വങ്ങളേക്കാരം ഉയർന്ന ഒന്നാണ് അവരംക്കു തന്റെ ഭർത്താവിനോടുള്ളത്. അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പററിച്ചേരുന്ന ഭർത്താവാണ്; ഭാര്യയാണ് അവർ (ഉല്പത്തി 2:24; മത്തായി 19:5,6). അത്തരത്തിലുള്ള ഒരു കുടുംബമാണ് പണിയപ്പെടേണ്ടത്. വിവാഹബന്ധം സ്നേഹത്തിൽ, ഭദ്രതയിൽ ഊട്ടിയുറപ്പിച്ച ഭാര്യഭർത്താക്കന്മാർക്കു ജനിക്കുന്ന കുട്ടികളും സ്നേഹവും ഭദ്രതയും അനുഭവിക്കും. അല്ലാത്ത കുടുംബങ്ങളിൽ ഇതു രണ്ടും പ്രതീക്ഷിക്കാവുന്നതല്ല.

ഭാര്യയായും അമ്മയായും തീരുന്ന സ്ത്രീ ക്രിസ്ത്യാനിയാണെങ്കിൽ അവളുടെ കുടുംബത്തെ ഒരു ക്രിസ്തീയ കുടുംബമാക്കി നിലനിർത്തുകയായിരിക്കും അവളുടെ പ്രഥമ കർത്തവ്യം. വീടിന്റെ വിളക്കാണ് സ്ത്രീകരം എന്നു പറഞ്ഞു കേട്ടിട്ടില്ലേ. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നത്: ദൈവ വചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൌവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിന്നു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക (തീത്തൊസ് 2: 4,5). പൌലൊസ് തന്റെ ലേഖനത്തിൽ ഈവണ്ണം പറയുന്നു: ആകയാൽ ഇളയവർ വിവാഹം കഴിക്കയും പുത്ര സമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കയും വിരോധിക്കു അപവാദത്തിന്നു അവസരം ഒന്നും കൊടുക്കാതിരിക്കുകയും വേണം എന്നു ഞാൻ ഇച്ഛിക്കുന്നു (1 തിമൊഥെയോസ് 5:14).

ഒരു നല്ല ഭാര്യയും അമ്മയും ധാർമ്മികവും മതപരവുമായി ദൈവനീതിയനുസരിച്ചു ജീവിക്കും. വീട്ടിനുള്ളിലും പുറത്തും അവളുടെ പ്രകാശം അഭിമാനകരമായിരി

ക്കും. പ്രശംസനീയമായ പെരുമാററവും ജീവിതവും നയിക്കുന്ന സ്ത്രീയെ സമൂഹം ബഹുമാനിക്കുക തന്നെ ചെയ്യും. "സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും. വീട്ടുകാരുടെ പെരുമാററം അവൾ സൂക്ഷിച്ചു നോക്കുന്നു. വെറുതെ ഇരുന്നു അഹോവൃത്തി കഴിക്കുന്നില്ല. അവളുടെ മക്കൾ എഴുന്നേററു അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു; അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നു. അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്, നീ അവരെല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു (സദൃശവാക്യങ്ങൾ 31:10, 27-29).

മറെറാരു ഭാരമുള്ള ഉത്തരവാദിത്വം അവൾക്കു അമ്മയാകുന്നതോടെ കിട്ടുന്നുണ്ട്. അതായത് അവളുടെ കുട്ടിയുടെ ആദ്യത്തെ അദ്ധ്യാപികയായി അവൾ തീരുന്നു. യുവാവായ തിമൊഥെയോസ് വിശുദ്ധ വചനങ്ങൾ ഗ്രഹിച്ചത് അവന്റെ അമ്മയിൽ നിന്നും വല്ല്യമ്മയിൽ നിന്നും ആണ്. നിർവ്യാജ വിശ്വാസത്തിന്റെ ഉടമയായിരുന്നു തിമൊഥെയോസ്. ആ വിശ്വാസം അവന്റെ അമ്മയിലും വല്യമ്മയിലും ഉണ്ടായിരുന്നു (2 തിമൊഥെയോസ് 1:5). അവൻ പഠിച്ചും നിശ്ചയം പ്രാപിച്ചതുമായ ഉപദേശത്തിൽ അവൻ നിലനിന്നു. ജ്ഞാനവും ദയയും നാവിന്മേൽ ഉണ്ടായിരിക്കണം. വിവേകത്തോടെയുള്ള സംസാരവും സമീപനവും ഉള്ള ഏതൊരു സ്ത്രീയും മററുള്ളവരെ വെറുപ്പിക്കുകയില്ല. ആത്മാവിന്റെ താക്കോൽ പിടിച്ചിരിക്കുന്ന ഒരാളാണ് ക്രിസ്തീയ ഭാര്യയും അമ്മയും. കുട്ടികൾക്കു അവൾ കൊടുക്കുന്ന ജ്ഞാനോപദേശം പിന്നീട് അവൾക്ക് ഒരു പ്രശംസാ കിരീടം നേടികൊടുക്കും.

★

# പ്രസംഗത്തിന്റെ ആവശ്യത്തെ ബൈബിൾ സംസാരിക്കുന്നു

ബ്രിൽബ്രൗൺ

നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവനോ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15-16). ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനം ഏറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതും ആകുന്നു (1 കൊരിന്ത്യർ 1:21;24). സുവിശേഷം എന്ന സത്യവചനം പ്രസംഗിക്കുക എന്നതു ശ്രമകരമായ ഒരു ജോലി തന്നെ. അതു ശ്രേഷ്ഠമായ ഉത്തരവാദിത്വവും നേട്ടവുമാണ്. ഈ വെളിച്ചത്തിന്റേയും ജീവന്റേയും ദൂത് ഇരുളിൽ വസിക്കുന്ന ആളുകളിലെത്തിക്കുക എന്നതാണ് കർത്തവ്യം. ഈ ഗൗരവമേറിയ പ്രയത്നം മനുഷ്യ കരങ്ങളിൽ ആണ് ഭരമേല്പിച്ചിരിക്കുന്നതു. പൌലൊസിനെ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം വ്യക്തമാക്കുന്നതു നോക്കുക. "അവർക്കു പാപമോചനവും എങ്കലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽനിന്നും വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കു തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു (പ്രവർത്തി 26:18).

കർത്താവിനു പ്രസ്താവിക്കാനുണ്ടായിരുന്നതു തീർന്ന ശേഷം ആണ് ഈ സുവിശേഷീകരണ ദൌത്യം മനുഷ്യരിൽ ഏർപ്പെടുത്തുന്നതു. അധികാരിയായിട്ടാണ് അവൻ നിർദ്ദേശിക്കുന്നതു. യേശു അടുത്തു ചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം നിങ്ങളോടു കൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു (മത്തായി 28:18-20) ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്വാൻ ഞാൻ നിങ്ങളെ അയക്കുന്നു എന്നും പറയുകയുണ്ടായി (യോഹന്നാൻ 4:35-38). കൊയ്ത്തു വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിനു യാചിപ്പിൻ എന്നു പറഞ്ഞു (മത്തായി 9:37-38).

വേലക്കാർക്ക് പരിശീലനം ആവശ്യമാണ് എന്ന കാര്യത്തിൽ തർക്കമില്ല. ആ പരിശീലനം വീട്ടിൽ നിന്നാണ് തുടങ്ങേണ്ടതു. മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് ശൈശവ വേളയിൽ പരിശീലനം കൊടുക്കാൻ കഴിയണം. അതിനു മാതാപിതാക്കൾ വചനത്തിൽ വിശ്വാസവും ഉറപ്പും പ്രതിഷ്ഠയും സമർപ്പണവും ഉള്ളവരായിരിക്കണം. അങ്ങനെയുള്ള മാതാപിതാക്കൾക്കേ ശരിയായ പരിശീലനം കൊടുക്കാൻ കഴിയൂ, നഷ്ടപ്പെട്ടവർക്ക് സന്തോഷം പകരുന്ന സന്ദേശം എത്തിക്കുന്ന ജോലിയായതുകൊണ്ട് പ്ര

ത്യേകം പരിശീലനം ഇതിനു അത്യന്താപേക്ഷിതമാണ്. കർത്താവിനോടും അവന്റെ സഭയോടും, വചനത്തോടും ആഴമേറിയ സ്നേഹമുള്ളവർക്കേ ഈ കാര്യത്തിൽ താല്പര്യം ഉണ്ടാകു. ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ട പരിവർത്തനം ചെയ്തവരായിരിക്കണം ഈ ഉത്തരവാദിത്വം നിറവേററുവാൻ. മററാർക്കും ഇതു ആത്മാർത്ഥമായി ചെയ്യുവാൻ സാദ്ധ്യമല്ല. പ്രതികൂലമായ ഏതു സാഹചര്യവും നേരിടാൻ തയ്യാറാകണം എന്നർത്ഥം. മരുഭൂമിയോ ത്യാഗമോ, കാഠിന്യമോ, ഏകാന്തതയോ, അനാരോഗ്യമോ, അസൗകര്യമോ, അശ്വാസമില്ലായ്മയോ എന്തു തന്നെ നേരിട്ടാലും അഭിമുഖീകരിക്കാൻ ഒരുങ്ങിയിരിക്കണം. ആകയാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മററു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു (റോമർ 8:38-39).

ആളുകൾ പൂർണ്ണമായി സമർപ്പിക്കപ്പെടുന്നതും ഏല്പിച്ചുകൊടുക്കുന്നതും യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല. ഇതു നാം അംഗങ്ങൾ ആയിരിക്കുന്ന സഭയുടെ ഉദ്ദേശവും ലക്ഷ്യവും ഘടനയും നിലനില്പും തിരിച്ചറിഞ്ഞു കഴിയുമ്പോൾ മാത്രം ഉണ്ടാകുന്ന ഒന്നാണ് (റോമർ 12:4-5, എഫെസ്യർ 3:10). ജീവിക്കുന്നതു ക്രിസ്തു ആകണം. ഇങ്ങനെ ജീവിക്കുവാൻ തുടങ്ങുമ്പോൾ മറെറാന്നും തടസമായി തീരരുത്. വാസ്തവത്തിൽ ആളുകൾ ദൈവത്തിനായി സമർപ്പിച്ചു കഴിയുമ്പോൾ ജീവിതത്തിലെ മററു കാര്യങ്ങൾ നിസ്സാരമായി തോന്നും (ഗലാത്യർ 2:20). ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോഴോ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പി

ച്ചുകൊടത്ത ദൈവ പുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു.

ദൈവത്തിന്റെ തോട്ടത്തിൽ ദൂരെ മാറി നില്ക്കുന്നവരാണല്ലൊ നാം. അതായതു നമുക്കുവേണ്ടി ധാരാളം പ്രവർത്തിക്കുകയും ദൈവത്തിനുവേണ്ടി വളരെ കുറച്ചുമാത്രം പ്രവർത്തിക്കയും ചെയ്യുന്നതു ദൈവ സന്നിധിയിൽ നീതിയല്ല. ഈ ലോകത്തുള്ള എല്ലാ ജനങ്ങളിലേക്കും പാപമോചന സന്ദേശം എത്തിക്കണമെന്നാണ് ദൈവത്തിന്റെ ഇച്ഛ. എല്ലാ ദേശക്കാർക്കും ഭാഷക്കാർക്കും ജാതികൾക്കും അതു അനിവാര്യമാണ്. എല്ലാവർക്കും ഈ സന്ദേശം ചുരുങ്ങിയതു ഒരു പ്രാവശ്യമെങ്കിലും കേൾക്കുവാൻ ദൈവം അവസരം ഒരുക്കും. ദൈവത്തിന്റെ ഉദ്ദേശം ആർക്കും മറഞ്ഞിരിക്കയില്ല എന്നർത്ഥം. കർത്താവിന്റെ സഭയിലെ ഓരോ അംഗവും ചെയ്യേണ്ടതായ പ്രവർത്തി ദൈവ സേവയാണ്. കേട്ടതും പഠിച്ചതും അനുസരിച്ചതുമായ സത്യമാർഗ്ഗം അറിഞ്ഞിട്ടില്ലാത്തവരെ അറിയിക്കണം. അതിനു ചാതുര്യമില്ല, കഴിവില്ല എന്നൊന്നും പറയരുതു. മനസ്സൊരുക്കവും ആവശ്യകതയും തിരിച്ചറിയാവുന്ന ആർക്കും അടങ്ങിയിരിപ്പാൻ സാദ്ധ്യമല്ല. യഥാർത്ഥ പരിവർത്തനത്തിന്റെ ലക്ഷണം അതായിരിക്കും. നിങ്ങൾ കർത്താവിന്റെ സന്ദേശം കേൾക്കുകയും അനുസരിക്കയും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടനെ വേണം. വീണ്ടും അവസരം കിട്ടിയെന്നു വരികയില്ല.

★

# വെളിച്ചത്തിൻെറ മക്കൾ ആയി നടപ്പിൻ

**ജോ. T.S**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

സ്ത്രീ പുരുഷ ഭേദമെന്യേ ദൈവം നമ്മെ തിരഞ്ഞെടുത്തതിൻെറ ഉദ്ദേശം ഇതാണ് എന്നു ഓരോ ക്രിസ്ത്യാനിയും മനസിലാക്കി പ്രവർത്തിക്കണം.

ഒരു വ്യക്തി ക്രിസ്തുവിൽ ആയി തീരുമ്പോൾ അവനെ ദൈവം അന്ധകാരത്തിൻെറ ശക്തിയിൽ നിന്ന് തൻെറ പുത്രൻെറ രാജ്യമാകുന്ന അത്ഭുത പ്രകാശത്തിലേക്ക് തന്നെ വേർതിരിച്ചാക്കുകയാണ് (കൊലൊസ്യർ 1:13). അന്നു മുതൽ അവനു ദൈവരാജ്യത്തിലെ ദൈവജനങ്ങളുമായിട്ടാണ് ബന്ധം കൂടുതൽ ഉള്ളതു. ചെയ്യുന്ന കാര്യങ്ങൾ ഒരു പക്ഷെ ചിലതു പ്രയാസമുള്ളതായിരിക്കും. പക്ഷെ ഒരിക്കലും അസാദ്ധ്യമാകുന്നില്ല. അസംഭവ്യമായവ നമ്മളിൽ സംഭവിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നില്ല. അതേ സമയം എല്ലാവർക്കും ഓരോ ഉത്തരവാദിത്വം ഉണ്ട്. "നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല; സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല (എബ്രായർ 13:17). ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം. എല്ലാ അംഗങ്ങളും നടത്തുന്ന മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കണം. എല്ലാവരും ദൈവത്തിനു കീഴ്പ്പെട്ടിരിക്കണം. കീഴ്പ്പെടുന്നതിൽ ലജ്ജിക്കേണ്ട ആവശ്യമില്ല; അതിനു കോട്ടമൊന്നും സംഭവിക്കാനില്ല. ക്രിസ്തു തന്നെത്താൻ താഴ്ത്തിയതുപോലെ എല്ലാവരും കീഴ്പ്പെട്ടിരിക്കേണ്ടതും ദൈവഹിത പ്രകാരം അനുസരണത്തിൽ ജീവിക്കേണ്ടതും ആവശ്യമാണ്.

ദിവസം തോറുമുള്ള നമ്മുടെ ജീവിതത്തിൽ നാം വെളിച്ചത്തിൽ നടക്കണം എന്നു പറയുമ്പോൾ സ്ക്കൂളിലായാലും, ജോലി സ്ഥലങ്ങളിൽ ആയാലും, വ്യാപാര സ്ഥാപനങ്ങളിൽ ആയാലും, കൃഷി സ്ഥലങ്ങളിൽ ആയാലും എവിടെയായിരുന്നാലും, നല്ല പ്രതിഫലത്തിനു നല്ല ജോലി ആവശ്യമാണ്. ദാസന്മാരെ, ജഡപ്രകാരം യജമാനന്മാരെ ക്രിസ്തുവിനെ പോലെ തന്നെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ. മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപോലെ ദൈവേഷ്ടം മനസോടെ ചെയ്തും മനുഷ്യരെയല്ല, കർത്താവിനെ തന്നെ പ്രീതിയോടെ സേവിച്ചുകൊണ്ട് അനുസരിപ്പിൻ (എഫെസ്യർ 6:5-7). ഭോഷ്ക് അഥവാ നുണ പറയാതിരിക്കുക, സത്യം മാത്രം സംസാരിക്കുക. ജഡമോഹങ്ങളെ ഉപേക്ഷിക്കുക. ദുർഭാഷണം ഒഴിവാക്കുക. മററുള്ളവർക്കു പ്രയോജനപ്പെടുന്നവ മാത്രം സംസാരിക്കുക. തിന്മയെ നന്മകൊണ്ട് നേരിടുക. മുൻപ് ചെയ്തിരുന്ന പലതും നാം വിട്ടുകളഞ്ഞ് പുതിയവ പലതും നാം സ്വീകരിച്ചിരിക്കയാണ്. നമുക്ക് കല്പിച്ച്, ഉറപ്പിച്ച് മുദ്രയിട്ടു തന്നിരിക്കുന്ന ഉപദേശങ്ങൾ നാം പൂർണ്ണമായി അനുസരിക്കാൻ ബാദ്ധ്യസ്ഥര നമ്മിലുണ്ട്. വെളിച്ചത്തിന്റെ മക്കളായി ലോകത്തിനു വെളിച്ചം പകരുവാൻ ദൈവമക്കൾക്കു കഴിയണം.

★

# യേശുവിന്നായി ജീവിക്കുന്നതിൽ സന്തോഷം

**സി. എം. ഡോണ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

സ്നേഹത്താലാണ് തമ്മിൽ തമ്മിൽ ശുശ്രൂഷ ചെയ്യേണ്ടതു (ഗലാത്യർ 5:13). വിശുദ്ധ സ്നേഹം നിമിത്തം

മററുള്ളവരെ സേവിക്കുക എന്നതു മഹത്തരമാണ്. ശരിയായ പഠനത്തിന്റെ അനന്തര ഫലമാണ് ക്രിസ്തുവിനു വേണ്ടി മററുള്ളവരെ സേവിക്കുക എന്നതു. ഹൃദയത്തിൽ തോന്നി ദൈവേഷ്ടം ചെയ്യുകയാണ് വേണ്ടതു. സേവനത്തിന്റെ പാത്ര തിരഞ്ഞെടുക്കുന്നവർ മററുള്ളവരുടെ നന്മ മാത്രം കാണുകയാണ് ചെയ്യേണ്ടതു (എഫെസ്യർ 5:5-7). നല്ല മനസിൽ നിന്നു പുറപ്പെടുന്ന ശുശ്രൂഷയാണ് ദൈവസന്നിധിയിൽ പുകഴ്ച്ചക്കിടയാക്കുന്നതു.

കൊച്ചു കുട്ടികൾ കളിക്കുമ്പോൾ അതിൽ ആനന്ദം കണ്ടെത്തുന്നു. ഇന്നു ഭയങ്കര ദുഃഖത്തിലും ദുരിതത്തിലും ജീവിക്കുന്ന ആളുകൾക്കു അവരെ പോലെ സന്തോഷിപ്പാൻ കഴിയും. പക്ഷെ അവർ നിഷ്ക്കളങ്കരായി തീരണം എന്നു മാത്രം (മത്തായി 19:14; മർക്കൊസ് 10:13). കുട്ടികളെ നമുക്ക് ഹൃദയം തുറന്നു സ്നേഹിപ്പാൻ കഴിയും. അവരെ ക്രിസ്തുവിലേക്ക് അടുപ്പിക്കാൻ അവരെ പഠിപ്പിച്ച് പരിശീലിപ്പിച്ച് എടുക്കണം.

മന്ദ്ര മധുരമായി ഗാനം ആലപിക്കുമ്പോൾ നമുക്ക് ആഹ്ളാദം കിട്ടും. ചില പക്ഷികളുടെ ശബ്ദങ്ങൾ ഗാനരൂപത്തിലുള്ളതാണ്. അതു കേൾക്കുമ്പോൾ നമുക്ക് ഉള്ളിൽ ഒരു കുളിർമ അനുഭവപ്പെടും. തക്ക സമയത്ത് കിട്ടുന്ന മഴയും, തണുപ്പും നമുക്ക് ചാരിതാർത്ഥ്യം ഉണ്ടാക്കുന്നവയാണ്. നമ്മുടെ പരിസ്ഥിതികളെല്ലാം സന്ദർഭോചിതമായി കാണാൻ കഴിഞ്ഞാൽ അതിൽ എല്ലാം നമുക്കു സന്തോഷിക്കാൻ കഴിയും. മനോഹരമായ വസ്തുക്കളെയും പുഷ്പങ്ങളെയും ആസ്വദിക്കാൻ ഒരു അന്ധനു കഴിയാത്തതുപോലെ ആത്മീയ അന്ധതയിൽ കഴിയുന്ന മനുഷ്യർക്ക് ആർക്കും ജീവിതത്തിലെ മനോഹാരിത ആസ്വദിക്കാൻ കഴിയുന്നില്ല. അവർ ആസ്വദിക്കുന്നതു അവർക്ക് സന്തോഷം എടുത്തു കളയുന്നവയാണ്. എത്ര വിരോധാഭാസമാണ് അവരുടെ ജീവിതം.

ഇതിൽ നിന്നെല്ലാം ഉപരിയായി ജനങ്ങളോട് നമുക്ക് സ്നേഹം ഉണ്ടായിരിക്കണം. സാധാരണ ആളുകൾ ദൈവത്തിന്റെ രൂപത്തിൽ മെനഞ്ഞവരാണ് (ഉല്പത്തി 1: 26-27). ഒരു കുട്ടിക്കു പട്ടിയെ സ്നേഹിക്കാൻ കഴിയുന്നു എങ്കിൽ എന്തുകൊണ്ട് നമ്മുടെ അയൽക്കാരെ നമുക്ക് നമ്മെപോലെ സ്നേഹിക്കാൻ കഴിയുന്നില്ല? (മത്തായി 22: 37-41).

ജീവിതമെന്നതു ബാല്യം മുതൽ പ്രായമാകുന്ന കാലയളവുവരെയാണല്ലൊ (സഭാപ്രസംഗി 12). ഭൂമിയിൽ നാം അന്യരും പരദേശികളും ആകുന്നു (എബ്രായർ 11:14-16). ഈ ലോകം അല്ല നമ്മുടെ ഭവനം. ഈ ലോക ജീവിതത്തെ അവന്റെ ഇഷ്ട പ്രകാരം നാം സൂക്ഷിച്ച് ആനന്ദിക്കുകയും ആസ്വദിക്കുകയും ചെയ്തു പൂർത്തിയാക്കിയാൽ ഇതിനേക്കാൾ മനോഹരമായ ദൈവത്തിന്റെ നഗരത്തിൽ നമുക്ക് എന്നേക്കും വസിക്കാൻ കഴിയും. അവിടെ ദൈവസ്നേഹം തങ്ക നദി എന്നപോലെ എന്നേക്കും ഒഴുകുന്ന സ്ഥലമായിരിക്കും.

ഈ ലോകത്തിൽ കിട്ടാത്തതായ സന്തോഷകരമായ പലതും നമുക്ക് വരുവാനുള്ള ലോകത്തിൽ ലഭിക്കും. നമുക്ക് പ്രത്യാശയുള്ളതുകൊണ്ട് നിരാശപ്പെടുന്നില്ല. മുകളിൽ പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ കാണുമ്പോൾ ചിറകടിച്ചുയരുന്ന പക്ഷികളുടെ ശബ്ദം കേൾക്കുമ്പോൾ നമുക്ക് അതു ഉറപ്പിക്കാം. ക്രിസ്തു നമ്മെ ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല (എബ്രായർ 13:5-6). വിശ്വാസത്തോടെ ക്രിസ്തുവുമായി ജീവിതം നയിക്കണം. അവന്റെ വചനം വായിച്ച് മനസിലാക്കി സൂക്ഷ്മ ബുദ്ധിയോടെ ജീവിക്കണം. അവനെ യഥാർത്ഥമായി പിൻപററുന്നവരെ അവൻ കാത്തുകൊള്ളും (മത്തായി 28:18-20).

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** —The Voice of Truth—Speakers: Reggi Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI** —Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9 00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU** —The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2 45 P.M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL** —"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM** —The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA** —The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To